# കേരളസർവകലാശാല

നം.പി.ആർ.74/2021

## പത്രക്കുറിപ്പ്

### ടൈംടേബിൾ

കേരളസർവകലാശാല 2021 ജനുവരി 18 ന് ആരംഭിക്കാനിരുന്ന അവസാനവർഷ ബി.ഡി.എസ്. പാർട്ട് II (സപ്ലിമെന്ററി – 2008 സ്കീം), ഒക്ടോബർ 2020 പരീക്ഷയുടെ പ്രാക്ടിക്കലും വൈവയും ഏപ്രിൽ 8 മുതൽ തിരുവനന്തപുരം ഗവ.ഡന്റൽ കോളേജിൽ വച്ച് നടത്തുന്നതാണ്. പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാല നടത്തുന്ന രണ്ടാം വർഷ (ത്രിവത്സരം) എൽ.എൽ.ബി. (ഓൾഡ് സ്കീം – മേഴ്സി ചാൻസ്) (1998 അഡ്മിഷന് മുൻപുള്ളത്) പരീക്ഷ ഏപ്രിൽ 13 ന് ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാലയുടെ ആറാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എ./ബി.എസ്.സി./ബി.കോം. (റെഗുലർ – 2018 അഡ്മിഷൻ, സപ്ലിമെന്ററി 2015, 2016, 2017 അഡ്മിഷൻ) മാർച്ച് 2021 പരീക്ഷകൾ ഏപ്രിൽ 15 മുതൽ ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർവകലാശാലയുടെ ആറാം സെമസ്റ്റർ സി.ആർ. സി.ബി.സി.എസ്.എസ്. ബി.എ./ബി.എസ്.സി./ബി.കോം./ബി.വോക്./ബി.പി.എ./ബി.സി.എ./ബി.ബി.എ. ഡിഗ്രി പരീക്ഷകൾ ഏപ്രിൽ 15 മുതൽ ആരംഭിക്കുന്നു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

### പരീക്ഷാഫലം

കേരളസർവകലാശാല 2020 സെപ്റ്റംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എഡ്. സ്പെഷ്യൽ എഡ്യൂക്കേഷൻ (ഐ.ഡി.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഏപ്രിൽ 13 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പരീക്ഷാഫീസ്

കേരളസർവകലാശാലയുടെ ബി.കോം. എസ്.ഡി.ഇ. ഒന്നും രണ്ടും സെമസ്റ്റർ (2019 അഡ്മിഷൻ, 2018 അഡ്മിഷൻ ആന്റ് 2017 അഡ്മിഷൻ) ഏപ്രിൽ 2021 പരീക്ഷയ്ക്കുള്ള ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. പരീക്ഷയ്ക്ക് പിഴകൂടാതെ എപ്രിൽ 9 വരെയും 150 രൂപ പിഴയോടെ ഏപ്രിൽ 15 വരെയും 400 രൂപ പിഴയോടെ ഏപ്രിൽ 17 വരെയും രജിസ്റ്റർ ചെയ്യാം. പരീക്ഷാത്തീയതി പിന്നീട് അറിയിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല നടത്തുന്ന ഒന്നും രണ്ടും സെമസ്റ്റർ ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ്/ബി.സി.എ. (വിദൂരവിദ്യാഭ്യാസവിഭാഗം – 2019 അഡ്മിഷൻ – റെഗുലർ, 2017 & 2018 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) പരീക്ഷകൾക്ക് പിഴകൂടാതെ ഏപ്രിൽ 9 വരെയും 150 രൂപ പിഴ

യോടെ ഏപ്രിൽ 15 വരെയും 400 രൂപ പിഴയോടെ ഏപ്രിൽ 17 വരെയും അപേക്ഷിക്കാം. ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. പരീക്ഷാഫീസിനു പുറമേ സി.വി. ക്യാമ്പ് ഫീസായ 250 രൂപയും ആകെ ഫീസിന്റെ 5% തുകയും അധികമായി അടക്കേണ്ടതാണ്.

## അഫിലിയേറ്റഡ് കോളേജുകളിൽ മദ്ധ്യവേനൽ അവധി ഏപ്രിൽ 1 മുതൽ മെയ് 31 വരെ

കേരളസർവകലാശാലയുടെ കീഴിലുള്ള എല്ലാ അഫിലിയേറ്റഡ് കോളേജുകളുടേയും 2021 ലെ മദ്ധ്യവേനൽ അവധി ഏപ്രിൽ 1 മുതൽ മെയ് 31 വരെ ആയിരിക്കും. മദ്ധ്യവേനൽ അവധി കഴിഞ്ഞ് ജൂൺ 1 ന് കോളേജുകൾ തുറന്നു പ്രവർത്തിക്കേണ്ടതാണ്. ഗവൺമെന്റിൽ നിന്ന് എന്തെങ്കിലും തുടർ നിർദ്ദേശം ലഭിക്കുകയാണെങ്കിൽ ഈ തീയതികളിൽ മാറ്റം വരാവുന്നതാണ്.

## കേരളസർവകലാശാല പാളയം ക്യാമ്പസ് ക്യാഷ് കൗണ്ടർ ഏപ്രിൽ 5, 7 തീയതികളിലെ പ്രവർത്തനം പരിമിതം

കേരളസർവകലാശാല പാളയം ക്യാമ്പസിലെ ക്യാഷ് കൗണ്ടർ ഏപ്രിൽ 5, 7 തീയതികളിൽ പരിമിതമായ രീതിയിൽ മാത്രമേ പ്രവർത്തിക്കുകയുള്ളൂ. ഈ ദിവസങ്ങളിൽ ഫീസ് ഒടുക്കുവാൻ വിദ്യാർത്ഥികൾ ഓൺലൈൻ സംവിധാനം പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്. കോളേജിൽ നിന്നും മറ്റുമുള്ള മൊത്തത്തിലുള്ള പണം ഒടുക്കലുകൾ മേൽപ്പറഞ്ഞ ദിവസങ്ങളിൽ അനുവദിക്കുന്നതല്ലെന്നും, ആയവ ഏപ്രിൽ 8 മുതൽ പുനരാരംഭിക്കുമെന്നും അറിയിക്കുന്നു.

## പെൻഷൻ/ഫാമിലി പെൻഷൻ – മസ്റ്ററിംഗ്

കേരളസർവകലാശാലയിൽ നിന്നും പെൻഷൻ/ഫാമിലി പെൻഷൻ കൈപ്പറ്റുന്നവർക്കായുള്ള 2021 – 22 വർഷത്തെ മസ്റ്ററിംഗ് 2021 ഏപ്രിൽ 3 മുതൽ മെയ് 15 വരെയാണ്. ഇതിനായി പെൻഷൻകാർക്ക് ജീവൻപ്രമാൺ പോർട്ടൽ വഴി ഓൺലൈനായോ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ ലൈഫ് സർട്ടിഫിക്കറ്റ് ഫിനാൻസ് ഓഫീസർ, കേരളസർവകലാശാല, പാളയം, തിരുവനന്തപുരം – 34 എന്ന വിലാസത്തിൽ തപാൽ മാർഗ്ഗം അയച്ചോ, നേരിട്ടു ഹാജരായോ മസ്റ്റർ ചെയ്യാവുന്നതാണ്. ഇതിനോടൊപ്പം 2021 – 22 സാമ്പത്തിക വർഷത്തെ ആന്റിസിപ്പേറ്ററി ഇൻകം ടാക്സ് സ്റ്റേറ്റ്മെന്റ് കൂടി നൽകേണ്ടതാണ്.

ജീവൻ പ്രമാൺ സംവിധാനം വഴി പെൻഷൻകാർക്ക് പി.പി.ഒ. നമ്പർ, ആധാർ നമ്പർ, മൊബൈൽ നമ്പർ, ബാങ്ക് അക്കൗണ്ട് നമ്പർ എന്നീ രേഖകളോടെ പോസ്റ്റ് ഓഫീസ്/അക്ഷയ/ജനസേവന കേന്ദ്രങ്ങളിൽ നിന്നും ഓൺലൈനായി മസ്റ്റർ ചെയ്യാവുന്നതാണ്.

നേരിട്ട് മസ്റ്റർ ചെയ്യുന്നവർ നിർബന്ധമായും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് ചുവടെ ചേർത്തിരിക്കുന്ന നമ്പർക്രമം അനുസരിച്ച് കൊടുത്തിട്ടുള്ള തീയതികളിൽ തിരിച്ചറിയൽ രേഖ സഹിതം ഹാജരാകേണ്ടതാണ്.

| | | |
|---|---|---|
| പി.പി.ഒ. നമ്പർ 1 മുതൽ 1654 വരെ | – | ഏപ്രിൽ 3 മുതൽ 9 വരെ |
| പി.പി.ഒ. നമ്പർ 1655 മുതൽ 2357 വരെ | – | ഏപ്രിൽ 12 മുതൽ 17 വരെ |
| പി.പി.ഒ. നമ്പർ 2358 മുതൽ 2946 വരെ | – | ഏപ്രിൽ 19 മുതൽ 24 വരെ |
| പി.പി.ഒ. നമ്പർ 2947 മുതൽ 3504 വരെ | – | ഏപ്രിൽ 26 മുതൽ മെയ് 1 വരെ |
| പി.പി.ഒ. നമ്പർ 3505 മുതൽ 4038 വരെ | – | മെയ് 3 മുതൽ 8 വരെ |
| പി.പി.ഒ. നമ്പർ 4039 മുതൽ 4373 വരെ | – | മെയ് 9 മുതൽ 15 വരെ |

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം.

31.03.2021

For exam related queries **examhelpdesk1@keralauniversity,examhelpdesk2@keralauniversity**

**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**